പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 30 — 28/11/2018 ൽ മറുപടിക്ക്

**ശബരിമല യുവതി പ്രവേശനം സംബന്ധിച്ച സുപ്രീം കോടതി വിധി**

ചോദ്യം — മറുപടി

ശ്രീ.മുഹമ്മദ് മുഹസിൻ പി.
ശ്രീ.ജി.എസ്.ജയലാൽ
ശ്രീമതി ഗീതാഗോപി
ശ്രീമതി സി.കെ ആശ

പിണറായി വിജയൻ
( മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച റിവ്യൂ ഹർജികളും റിട്ട് ഹർജികളും സുപ്രീംകോടതി പരിശോധിച്ചുവോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട കാര്യത്തിൽ സമർപ്പിച്ചിട്ടുള്ള എല്ലാ റിവ്യൂ ഹർജികളും ഉൾപ്പെടെയുള്ള കേസുകൾ 22/01/2019 ന് തുറന്ന കോടതിയിൽ കേൾക്കുന്നതിന് ബഹു.സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്. |
| (ബി) | ഭക്തർക്ക് സമാധാനപരമായ ക്ഷേത്രദർശനം ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | ഭക്തർക്ക് സമാധാനപരമായ ക്ഷേത്രദർശനം ഉറപ്പുവരുത്തുന്നതിന് സന്നിധാനത്തും പമ്പയിലും നിലയ്ക്കലിലും എരുമേലിയിലും മതിയായ പോലീസ് സംരക്ഷണവും മറ്റ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ശബരിമല ദർശനത്തിനു എല്ലാ തീർത്ഥാടകർക്കും ഡിജിറ്റൽ ക്യൂ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ ഇക്കാര്യത്തിൽ അഭിപ്രായ സമന്വയം ഉണ്ടാക്കാൻ കഴിഞ്ഞുവോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | യുവതീ പ്രവേശനം സംബന്ധിച്ച ബഹു. സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിനെക്കുറിച്ച് ചർച്ച നടത്തുന്നതിനായി സർക്കാർ സർവ്വ കക്ഷിയോഗം വിളിച്ചിരുന്നു.എന്നാൽ ചില കക്ഷികൾ യുവതീപ്രവേശനത്തിനെതിരായ നിലപാട് സ്വീകരിച്ചതിനാൽ അഭിപ്രായ സമന്വയം ഉണ്ടായില്ല. |
| (ഡി) | സുപ്രീംകോടതി വിധി സംഘർഷരഹിതമായി നടപ്പാക്കുന്നതിന് ഏതെങ്കിലും നിർദ്ദേശങ്ങൾ ഉയർന്നുവന്നിരുന്നോ എന്നറിയിക്കുമോ? | (ഡി) | സർവ്വ കക്ഷിയോഗത്തിൽ സുപ്രീം കോടതി വിധി സംബന്ധിച്ച് വിവിധങ്ങളായ നിർദ്ദേശങ്ങളുണ്ടായി. |

സെക്ഷൻ ഓഫീസർ